# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5042</u>      <u>24.10.2011-ൽ മറുപടിക്ക്</u>

### <u>സർക്കാർ ആശുപത്രികൾക്ക് 'അക്രഡിറ്റേഷൻ'</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി കെ.എസ്. സലീഖ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളുടെ ഗുണനിലവാരമുയർത്തി ' അക്രഡിറ്റേഷൻ ' നൽകുന്ന പദ്ധതി ഉടൻ നടപ്പിലാക്കുമോ ; | (എ) സർക്കാർ ആശുപത്രികളുടെ ഗുണനിലവാരമുയർത്തി ' അക്രഡിറ്റേഷൻ ' നൽകുന്ന പദ്ധതി ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിമൂലം ലഭ്യമാകുന്ന മെച്ചപ്പെട്ട സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് സംസ്ഥാനതല അക്രഡിറ്റേഷൻ പ്രോഗ്രാം. ഈ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ രോഗികൾക്കും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുക, ആരോഗ്യസേവനരംഗത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, രോഗികളുടെ സുരക്ഷ ഉറപ്പാക്കുക, ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുക, ആശുപത്രി ലബോറട്ടറികളുടെ പരിശോധനാഫലത്തിന്റെ കൃത്യത ഉറപ്പുവരുത്തുക, എന്നിവയാണ് പ്രധാനമായും ഈ പ്രോഗ്രാം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികൾക്കാണ് 'അക്രഡിറ്റേഷൻ ' നൽകുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) ഷൊർണ്ണൂർ മണ്ഡലത്തിൽ "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നേറ്റീവ് ന്യൂറോസയൻസസ്" എന്ന ആശുപത്രിയാണ് എൻ.എ.ബി.എച്ച് അക്രഡിറ്റേഷനുവേണ്ടി തെരഞ്ഞെടുത്തത്. |

സെക്ഷൻ ഓഫീസർ